## കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ ഫോർ എഡ്യൂക്കേഷൻ [കൈറ്റ്]

---

# പൗരാവകാശരേഖ


കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
പൊതുവിദ്യാഭ്യാസവകുപ്പ്, പൂജപ്പുര, തിരുവനന്തപുരം-12

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ

KITE VICTERS

# ആമുഖം

പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനും സംസ്ഥാന സർക്കാർ 2000–ൽ രൂപം നൽകിയ ഐ.ടി.@സ്കൂൾ പദ്ധതി 2017 മുതൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ സർക്കാർ കമ്പനി ആകുകയും പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ ഗുണഭോക്താക്കൾക്കും അതിന്റെ സേവനം ലഭ്യമാക്കുകയുമാണ്. കൈറ്റ് നൽകുന്ന സേവനങ്ങൾ ബന്ധപ്പെട്ടവർ പരമാവധി ഫലപ്രദമായി പ്രയോജനപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് ഈ പൗരാവകാശരേഖ മെച്ചപ്പെടുത്തി kite.kerala.gov.in ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

# കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

## ദർശനം

കേരള സംസ്ഥാന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റുന്നതിന് അനുയോജ്യവും സുസ്ഥിരവും സമന്വയിപ്പിച്ചതും (inclusive) സാങ്കേതികവിദ്യാ സഹായത്തോടെ യുള്ളതുമായ ഇടപെടലുകൾ നടത്തുക. (കേരള സംസ്ഥാന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് അനുയോജ്യമായതും കാലാനുസൃതവുമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ സാങ്കേതികമികവുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള സ്ഥാപനമായി പ്രവർത്തിക്കുക).

## ദൗത്യം (മിഷൻ)

- സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിന് അനുയോജ്യമായ ഭൗതീകസൗകര്യങ്ങൾ, വിഭവങ്ങൾ, പാഠ്യപദ്ധതി, ബോധനതന്ത്രങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനുളള ഇടപെടീൽ നടത്തുക.
- വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഐ.സി.ടി രംഗത്തെ പ്രയത്നശേഷി മെച്ചപ്പെടുത്തൽ, ഉള്ളടക്ക വികസനം, ഇ–ലേണിംഗ്, ബ്രോഡ്കാസ്റ്റിംഗ് സൗകര്യങ്ങൾ ഒരുക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ. വിദ്യാഭ്യാസ മേഖലയിൽ വിഭവനിർമ്മാണം, പരിശീലനം, ഇ–ലേണിംഗ് സംവിധാനങ്ങൾ, സംപ്രേഷണ സൗകര്യങ്ങൾ തുടങ്ങിയവയുടെ പ്രയോജനം ഉറപ്പുവരുത്തുക.
- വിദ്യാഭ്യാസ വകുപ്പിന് അനുയോജ്യവും സ്ഥായിയായതുമായ ഇ–ഗവേണൻസ് പ്രവർത്തനങ്ങളും അതിനാവശ്യമായ കണക്ടിവിറ്റി, സഹായസംവിധാനം തുടങ്ങിയവ ലഭ്യമാക്കുക.
- ഐ.സി.ടി.യിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ സർക്കാരിനും സ്വകാര്യമേഖലയ്ക്കും നിർണായക നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക.

## സേവനങ്ങൾ

1. കൈറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളില്ല. എന്നാൽ സർക്കാർ നിർദേശങ്ങൾക്കും സമൂഹത്തിന്റെ ആവശ്യകതയ്ക്കും അനുസരിച്ച് കാലാകാലങ്ങളിൽ 'ഡിജിറ്റൽ

മീഡിയ സാക്ഷരത', 'സൈബർ സുരക്ഷാ പരിശീലനം' തുടങ്ങിയ സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

2. സംസ്ഥാനത്ത് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ഏജൻസി എന്ന നിലയിൽ കൈറ്റിന്റെ സംസ്ഥാന ഓഫീസും എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റവും അക്കാദമിക സോഫ്റ്റ്‌വെയറുകളും സൗജന്യമായി പൊതുജനങ്ങൾക്കും ലഭ്യമാക്കുകയും അവരുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തു നൽകുകയും ചെയ്യുന്നു.

3. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിപാലിക്കുകയും പ്രസിദ്ധീകരിക്കേണ്ട രേഖകൾ ലഭിക്കുന്ന ദിവസം തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

4. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ 24 മണിക്കൂറും വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു.

5. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ച് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്ത് പരിപാലിക്കുന്നു, പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായവും പരിശീലനവും നൽകുന്നു.

6. കൈറ്റ് നൽകുന്ന സേവനങ്ങൾ ഔദ്യോഗിക വെബ്സൈറ്റുകളിലൂടെ (education.kerala.gov.in, kite.kerala.gov.in) എല്ലാവർക്കുമായി ലഭ്യമാക്കുന്നു.

7. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഫലപ്രദമായ ക്ലാസ് റൂം വിനിമയത്തിന് അനുയോജ്യമായവിധം സാങ്കേതികവിദ്യാ പരിശീലനം നൽകി അധ്യാപകരെ ശാക്തീകരിക്കുന്നു.

8. ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ ഐ.ടി. പഠനത്തിനുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി അംഗീകാരത്തിന് എസ്.സി.ഇ.ആർ.ടി.യ്ക്ക് നൽകുന്നു.

9. കേരളത്തിൽ ആദ്യമായി ഔദ്യോഗികമായി അധ്യാപകർക്കുവേണ്ടി ആരംഭിച്ച MOOC (Massive Open Online Course) മാതൃകയിൽ പ്രത്യേക കോഴ്സ് അധ്യാപകർക്കും പൊതുജനങ്ങൾക്കുമായി നടപ്പിലാക്കുന്നു.

10. സ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ സജ്ജമാക്കി, അനിമേഷൻ, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, IoT, 3 ഡി മോഡലിംഗ് തുടങ്ങിയ മേഖലകളിൽ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾക്ക് പരിശീലനവും മറ്റ് പ്രവർത്തനങ്ങളും ക്രമീകരിക്കുന്നു.

11. പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക്/ഐ.ടി. ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് ലഭ്യമാക്കുന്നു.

12. അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ തയ്യാറാക്കി ഐ.സി.ടി. പഠന അന്തരീക്ഷം സുഗമമാക്കുന്നു.

13. ഹൈസ്ക്കൂൾ ക്ലാസുകളിലെ ഐ.ടി. പരീക്ഷയ്ക്ക് ആവശ്യമായ സോഫ്റ്റ് വെയർ സജ്ജമാക്കി നൽകുന്നു.

14. ഡിജിറ്റൽ ഉള്ളടക്കവും വിഭവങ്ങളും ഉൾക്കൊള്ളുന്ന FOSS (Free & Open Source Software) അടിസ്ഥാനമാക്കിയുള്ള കൈറ്റ്/ഗ്നു ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വികസിപ്പിച്ച് കേരളത്തിലെ എല്ലാ സ്കൂളുകളിലും വിന്യസിക്കുന്നു.

15. കൈറ്റിന്റെ ജില്ലാ കേന്ദ്രങ്ങളെ സാങ്കേതകവിദ്യാ സഹായ കേന്ദ്രങ്ങളായി ശാക്തീകരിക്കുന്നു.

16. സ്കൂൾവിക്കി പോർട്ടലിലൂടെ എല്ലാവരും ചേർന്നുള്ള ഉള്ളടക്കം സൃഷ്ടിക്കലിനും (Collaborative content creation) പഠനത്തിനും സൗകര്യമൊരുക്കുന്നു.

17. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ-ഗവേർണൻസിനായി നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

18. സ്കൂൾ കലോത്സവങ്ങൾ/ശാസ്ത്രോത്സവങ്ങൾ/കായികോത്സവങ്ങൾ തുടങ്ങിയവയ്ക്കുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കലും പരിപാലനവും നടത്തുന്നു.

19. ഐ.സി.ടി., സൈബർ സുരക്ഷാ, ഡിജിറ്റൽ സാക്ഷരതാ മാർഗ്ഗ നിർദേശങ്ങൾക്കായി കാലികമായ ശുപാർശകൾ നൽകുന്നു.

20. സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കുന്നു.

21. 'സമഗ്ര' പോർട്ടൽ മുഖേന സ്കൂൾ പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുന്നതോടൊപ്പം രക്ഷകർത്താക്കൾക്ക് ഏത് സമയവും കുട്ടികളെ സഹായിക്കുന്നതിന് ഉതകുന്ന വിധത്തിൽ ഡിജിറ്റൽ വിഭവങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ലേണിംഗ് റൂം സംവിധാനം നടപ്പിലാക്കുന്നു.

# കൈറ്റിന്റെ ജില്ലാ ഓഫീസുകളുടെ വിലാസം

| നം. | ജില്ല | വിലാസം | ഫോൺ |
|---|---|---|---|
| 1 | തിരുവനന്തപുരം | സ്കൂൾ ഫോർ ഡഫ്, ജഗതി, തൈക്കാട് പി.ഒ.,<br>തിരുവനന്തപുരം – 695014<br>ഇ–മെയിൽ: dctvm@kite.kerala.gov.in | 0471–2337307 |
| 2 | കൊല്ലം | ഗവ. എച്ച്.എസ്.എസ്. മങ്ങാട് കാമ്പസ്<br>മങ്ങാട് പി.ഒ., കൊല്ലം – 691015<br>ഇ–മെയിൽ: dcklm@kite.kerala.gov.in | 0474 – 2743066 |
| 3 | പത്തനംതിട്ട | ഡയറ്റ് ബിൽഡിംഗ്, തിരുവല്ല<br>പത്തനംതിട്ട – 689101<br>ഇ–മെയിൽ: dcpta@kite.kerala.gov.in | 0469–2740575 |
| 4 | ആലപ്പുഴ | ഗവ. മുഹമ്മദൻസ് ജി.എച്ച്.എസ്., സിവിൽ<br>സ്റ്റേഷനു സമീപം, ആലപ്പുഴ – 688001<br>ഇ–മെയിൽ: dcalp@kite.kerala.gov.in | 0477–2230210 |
| 5 | കോട്ടയം | ഗവ. മോഡൽ എച്ച്.എസ്.എസ്.<br>വയസ്കരക്കുന്ന്, കോട്ടയം – 686001<br>ഇ–മെയിൽ: dcktm@kite.kerala.gov.in | 0481–2564641 |
| 6 | ഇടുക്കി | പ്രസ് ക്ലബ്ബ്, തൊടുപുഴ, ഇടുക്കി – 685584<br>ഇ–മെയിൽ: dcidk@kite.kerala.gov.in | 0486–2227463 |
| 7 | എറണാകുളം | ആർട്ടിസ്റ്റ് സെന്റർ, ഇടപ്പള്ളി ഗവ.<br>എച്ച്.എസ്.എസിനു സമീപം, എറണാകുളം –<br>682024<br>ഇ–മെയിൽ: dcekm@kite.kerala.gov.in | 0484–2334950 |
| 8 | തൃശ്ശൂർ | മോഡൽ എച്ച്.എസ്.എസ്. ഫോർ ബോയ്സ്<br>ഈസ്റ്റ് ഗേറ്റ്, പാലസ് റോഡ്, തൃശ്ശൂർ – 680020<br>ഇ–മെയിൽ: dctsr@kite.kerala.gov.in | 0487–2327159 |
| 9 | പാലക്കാട് | ഗവ. എൽ.പി. സ്കൂൾ ബിൽഡിംഗ്, സുൽത്താൻ<br>പേട്ട്, പാലക്കാട് – 678001<br>ഇ–മെയിൽ: dcpkd@kite.kerala.gov.in | 0491–2520085 |
| 10 | മലപ്പുറം | ബി–3 ബ്ലോക്ക്<br>സിവിൽ സ്റ്റേഷൻ, മലപ്പുറം – 676505<br>ഇ–മെയിൽ: dcmlp@kite.kerala.gov.in | 0483–2731692 |
| 11 | കോഴിക്കോട് | ഡി.ഡി.ഇ. ഓഫീസിന് സമീപം<br>മാനാഞ്ചിറ, കോഴിക്കോട് – 673002<br>ഇ–മെയിൽ: dckkd@kite.kerala.gov.in | 0495 2376543 |
| 12 | വയനാട് | ജി.എച്ച്.എസ്.എസ്. പനമരം കോമ്പൗണ്ട്<br>പനമരം പി.ഒ., വയനാട് – 670721<br>ഇ–മെയിൽ: dcwyd@kite.kerala.gov.in | 04935–220191 |
| 13 | കണ്ണൂർ | ജി.വി.എച്ച്.എസ്.എസ്. കണ്ണൂർ<br>സ്പോർട്സ് കാമ്പസ്, കണ്ണൂർ – 670002<br>ഇ–മെയിൽ: dcknr@kite.kerala.gov.in | 0494–2701516 |
| 14 | കാസറഗോഡ് | ഷഹാന കോംപ്ലക്സ്, അനങ്ങൂർ,<br>കാസറഗോഡ് – 671121<br>ഇ–മെയിൽ: dckgd@kite.kerala.gov.in | 04994–225931 |